**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **29-01-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന നിരുത്തരവാദപരമായ പ്രചാരണങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനങ്ങളുടെ സ്വൈര്യ ജീവിതം തകർക്കുന്നതിനും മതസ്പർദ്ധയുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തുന്നതായി പറയപ്പെടുന്ന പ്രചാരണങ്ങൾ സർക്കാർ പ്രത്യേകം നിരീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ജനങ്ങളുടെ സ്വൈര്യ ജീവിതം തകർക്കുന്നതിനും മതസ്പർദ്ധയുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തുന്ന പ്രചാരണം നിരീക്ഷിക്കുന്നതിന് എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സൈബർ ഇടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രചാരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും വേണ്ടി സോഷ്യൽ മീഡിയ സെല്ലുകളെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസ് ആസ്ഥാനം കേന്ദ്രമാക്കി സൈബർ ഡിവിഷൻ (സൈബർ ഓപ്പറേഷൻ, റിസർച്ച് അനാലിസിസ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കളമശ്ശേരി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഫെയ്സ്ബുക്ക് പേജിലൂടെ നടത്തിയ തെറ്റായ പ്രചാരണങ്ങൾ സംസ്ഥാനത്തെ മതസൗഹാർദ്ദ അന്തരീക്ഷം തകർക്കുന്നതും ലഹളയുണ്ടാക്കണമെന്ന ബോധപൂർവ്വമായ ലക്ഷ്യത്തോടെയായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തക്കാമോ; | (ബി) | കളമശ്ശേരി കൺവെൺഷൻ സെന്ററിലുണ്ടായ ബോംബ് സ്ഫോടനത്തെ തുടർന്ന് മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രചരണങ്ങൾ സാമൂഹ്യ മാധ്യമങ്ങൾ വഴി ചിലർ ബോധപൂർവ്വം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ സിറ്റി, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ എന്നീ പോലീസ് ജില്ലകളിലായി ആകെ 53 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഇത്തരം സംഭവങ്ങൾ ഗൗരവമായി കണ്ട് വ്യാജ പ്രചരണത്തിനായി ഉപയോഗിച്ച 69 സോഷ്യൽ മീഡിയ ലിങ്കുകൾ ഇൻഫർമേഷൻ |

| | | | |
|---|---|---|---|
| | | | ടെക്നോളജി നിയമത്തിലെ 79(3)(b) വകുപ്പ് പ്രകാരം സമയബന്ധിതമായി വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച പരാതിയുടെയും അനുബന്ധ അന്വേഷണ നടപടികളുടെയും പുരോഗതി വ്യക്തമാക്കാമോ; | (സി) | കളമശ്ശേരി കൺവൺഷൻ സെന്ററിലുണ്ടായ ബോംബ് സ്ഫോടനത്തെ തുടർന്ന് മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രചരണങ്ങൾ സാമൂഹ്യ മാധ്യമങ്ങൾ വഴി ചിലർ ബോധപൂർവ്വം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ സിറ്റി, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ എന്നീ പോലീസ് ജില്ലകളിലായി ആകെ 53 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഇത്തരം സംഭവങ്ങൾ ഗൗരവമായി കണ്ട് വ്യാജ പ്രചരണത്തിനായി ഉപയോഗിച്ച 69 സോഷ്യൽ മീഡിയ ലിങ്കുകൾ ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 79(3)(b) വകുപ്പ് പ്രകാരം സമയബന്ധിതമായി വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ നിരുത്തരവാദപരമായ പ്രചാരണങ്ങൾ സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രതയോടെയുള്ള പ്രവർത്തനവും നിയമ നടപടികളും കർശനമാക്കുമോ; വിശദമാക്കാമോ? | (ഡി) | സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാജ പ്രോഫൈലുകൾ നിർമ്മിച്ച് വ്യാജ പ്രചരണങ്ങൾ നടത്തിയവരെ കണ്ടെത്തുന്നതിനും ഇത്തരം വ്യാജ സന്ദേശങ്ങൾ അടിയന്തരമായി സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനും ബന്ധപ്പെട്ട സാമൂഹിക മാധ്യമങ്ങളായ ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ എന്നിവർക്ക് രേഖാമൂലം നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. സൈബർ പട്രോളിംഗിലൂടെ വ്യാജ പ്രചരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും പ്രത്യേകം പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സേവനം എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും സൈബർ ആസ്ഥാനത്തെ സോഷ്യൽ മീഡിയ സെല്ലിലും ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം ഉപയോഗിച്ച് സൈബർ ഇടങ്ങളിൽ കർശന നിരീക്ഷണം നടത്തിവരുന്നു. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സൈബർ ഡോമുകൾ ഇത്തരം കുറ്റകൃത്യങ്ങളെ അതീവ ജാഗ്രതയോടെ നിരീക്ഷിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ